ഭരണഭാഷ – മാതൃഭാഷ

<u>നം.249/2021-F3-Try</u>

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 08/10/2021

പ്രേഷകൻ

ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: പി.ഡി. അക്കൗണ്ട്-ഐ.എഫ്.എം.എസ്. സംവിധാനത്തിലേക്ക് മാറിയത്-റ്റിസിലെ(TIS) നീക്കിയിരുപ്പ് തുകയും കോർ ടി.എസ്.ബി.-യിൽ OB+ ആയി ചേർത്ത തുകയും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നത്- പരിഹരിച്ചത് - സംബന്ധിച്ച്.

സൂചന : ഈ ഓഫീസിലെ 24.03.2021-ലെ ഇതേ നമ്പർ കത്ത്.

സൂചന ശ്രദ്ധിക്കുക. ഐ.എഫ്.എം.എസ് നടപ്പാക്കുന്നതിന്റെ ഭാഗമായി പി.ഡി. അക്കൗണ്ടുകൾ റ്റിസിൽ നിന്നും കോർ ടി.എസ്.ബി-ലേക്ക് മാറ്റുകയുണ്ടായി. എന്നാൽ ചില പി.ഡി. അക്കൗണ്ടുകൾ മൈഗ്രേറ്റ് ചെയ്തപ്പോൾ കോർ ടി.എസ്.ബി -യിൽ OB+ ആയി ചേർത്ത തുകയിൽ വ്യത്യാസം കണ്ടെത്തിയതായി ട്രഷറി ഓഫീസർമാർ റിപ്പോർട്ട് ചെയ്തിരുന്നു.

ഈ സാഹചര്യത്തിൽ പി.ഡി. അക്കൗണ്ടുകളുടെ ടിസ്സിലെ നീക്കിയിരിപ്പ് തുക തന്നെയാണോ കോർ ടി.എസ്.ബി-യിൽ OB+ ആയി ചേർത്തിട്ടുള്ളതെന്നു പരിശോധിച്ച് ഉറപ്പ് വരുത്തുവാനും, ടിസ്സിൽ നിന്നും കോർ ടി.എസ്.ബി.-ലേക്ക് മൈഗ്രേറ്റ് ചെയ്യാത്ത പി.ഡി. അക്കൗണ്ടുകളുണ്ടെങ്കിൽ ആയതു പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുവാനും, കേരള ഫിനാൻസ് കോഡ് വോള്യം I, ആർട്ടിക്കിൾ 282(5)(d) പ്രകാരം തുടർച്ചയായി മൂന്ന് പൂർണ്ണ സാമ്പത്തിക വർഷങ്ങളിൽ ഇടപാടുകൾ നടക്കാത്ത പി.ഡി. അക്കൗണ്ടുകൾ ലാപ്സ്ഡ് പട്ടികയിൽ ഉൾപ്പെടുത്തി അക്കൗണ്ടന്റ് ജനറലിനെ അറിയിക്കുവാനും, ആയതിനുശേഷം പ്രസ്തുത വിവരം ഈ ഓഫീസിൽ അറിയിക്കുവാനും സൂചന പ്രകാരം എല്ലാ ട്രഷറി ഓഫീസർമാർക്കും നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ട്രഷറി ഓഫീസർമാർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ചില ട്രഷറികളിൽ മേൽ നടപടികൾ പൂർത്തീകരികരിച്ചു വരികയാണെന്ന് അറിയിച്ചിരുന്നു.

ആയതിനാൽ, പരിധിയിലുള്ള എല്ലാ ട്രഷറികളിലും മേൽ നിർദേശങ്ങൾ പാലിച്ചുകൊണ്ട് നടപടികൾ പൂർത്തീകരിച്ചുവെന്നുള്ള വിവരം cru.fsec.treasury@kerala.gov.in എന്ന മെയിൽ ഐ .ഡി-യിൽ എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർമാരും ഒരാഴ്ചക്കുള്ളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ

**A M JAFAR**

DIRECTOR

അംഗീകാരത്തോടുകൂടി

Signature Not Verified

Digitally signed by GIRIKUMAR S
Date: 2021.10.08 15:32:00 IST
Reason: Approved

സീനിയർ സൂപ്രണ്ട്

Directorate of Treasuries, Krishna buildings, Thycaud.P.O, Thiruvananthapuram, Kerala 695014
www.treasury.kerala.gov.in, Email:keralatreasury@gmail.com
Ph: 0471-2323963,2322712 , FAX:0471-2324229